(b) No individual application has been received either direct or through co-operative societies. Requests for houses and house sites are being received from co-operative societies.

(c) Does not arise.

അഗ്നിശമനയന്ത്രങ്ങൾ.

*95. [37] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ എത്ര അഗ്നിശമനയന്ത്രങ്ങൾ ഉണ്ട്;

(ബി) അടുത്ത കാലത്തു് ഗവണ്മെൻറ് പുതിയ തരത്തിലുള്ള എത്ര അഗ്നിശമനയന്ത്രങ്ങൾ വാങ്ങി;

(സി) അതിന്റെ വില എന്തു്;

(ഡി) ഇപ്പോൾ അവ എങ്ങനെല്ലാം ഡിസ്ട്രിക്ട് കൗൺസിലുകൾക്കാണ് നൽകിയിരിക്കുന്നതു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 22.

(ബി) 5.

(സി) 1,31,743 രൂപാ, 11 അണ, 0 സ.

(ഡി) തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നീ ഡിസ്ട്രിക്ട് കൗൺസിലുകൾക്കു്.

തമിഴ് പ്രക്ഷോഭണം സംബന്ധിച്ച കേസുകൾ.

*96. [39] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തമിഴ് പ്രക്ഷോഭണം സംബന്ധിച്ചുള്ള കേസുകൾ എത്ര; അവയുടെ ഇപ്പോഴത്തെ നില എന്തു്;

(ബി) അവയെ പറ്റി വീണ്ടും അന്വേഷണങ്ങൾ നടത്തുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) നാല്പതു് (40). ഈ കേസുകളെല്ലാം പിൻവലിക്കുവാൻ ഉത്തരവു് പുറപ്പെടുവിച്ചിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പൊതു ആവശ്യത്തിനു ഭൂമി.

*97. [40] ശ്രീ. ടി. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിനു ഭൂമി അക്വയർ ചെയ്യുന്നതിൽ കാലതാമസം നേരിടാതിരിക്കുവാൻ എന്തു നടപടി സ്വീകരിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly